തുടരുന്നതിനുള്ള ഭരണാനുമതി നൽകികഴിഞ്ഞു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കു ന്നതിന് 3.35 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിവരുന്നു. മറ്റു ജില്ലകളിൽ കൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി രൂപരേഖ പരിഗണനയിലാണ്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ നടന്നുവരുന്നു. മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന തുടർ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിക്കഴിഞ്ഞു. ദീർഘകാല പദ്ധതികളായ കേര സമൃദ്ധി, നീര ഉൽപ്പാദനം, തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് എന്നിവ 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

കുട്ടനാട് പാക്കേജ്

210 (1580) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന ഏതെല്ലാം പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളുമാണ് പുനരുദ്ധീകരിച്ചതെന്ന് അടങ്കൽ തുക സഹിതം വിശദീകരിക്കാമോ ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്ത മാക്കുമോ ;

(സി) പ്രസ്തുത വകുപ്പുമുഖേന രാമച്ചം, ഔഷധസസ്യം, ടിഷ്യൂകൾച്ചർ വാഴതൈകൾ എന്നിവ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന പുനരുദ്ധരിച്ച കിണറുകളും കുളങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.* ഫെയ്സ് II-ൽ ഉൾപ്പെടുത്തി യിട്ടുള്ള 15.12 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തികളാണ് ഇനി പൂർത്തീ കരിക്കാനുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ രാമച്ചം, ഔഷധസസ്യം, ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം നോർത്ത്, കുത്തിയതോട്, വയലാർ, കോടംതുരുത്ത്, വള്ളിക്കുന്നം, തഴക്കര, ബുധനൂർ പ്രദേശങ്ങളിൽ നീർച്ചാലുകളുടെ വശങ്ങളിലും ബണ്ടുകൾ ബലപ്പെടുത്തുന്നതിനുവേണ്ടിയും 14,931 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ വെച്ചൂർ, ടി.വി. പുരം, തലയാഴം, ഉദയനാപുരം, ചെമ്പ്, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, വെള്ളൂർ, കല്ലറ, കടുത്തുരുത്തി, മാഞ്ഞൂർ, കാണക്കാരി, നീണ്ടൂർ, ആർപ്പൂക്കര, അയ്മനം, അതിരമ്പുഴ, തിരുവാർപ്പ്, കുമരകം, കോട്ടയം മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ 7,708 മീറ്റർ രാമച്ചം, 11,601 ഔഷധ സസ്യങ്ങൾ എന്നിവ പൊതു സ്ഥലങ്ങളിലായി വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ടി.വി. പുരം, തലയാഴം, മറവൻതുരുത്ത്, ചെമ്പ്, കല്ലറ, മാഞ്ഞൂർ, നീണ്ടൂർ, അയ്മനം, അതിരമ്പുഴ, പായിപ്പാട്, കറിച്ചി, പനച്ചിക്കാട് പ്രദേശങ്ങളിലെ 5,205 ഗുണഭോക്താക്കൾക്കായി 60,000 എണ്ണം ടിഷ്യു കൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നെടുമ്പ്രം, കടപ്ര, കുറ്റൂർ, നിരണം ഗ്രാമപഞ്ചായത്തുകളിലെ 10 ഗുണഭോക്താക്കൾക്കായി 2,089 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്

മണ്ണുസംരക്ഷണത്തിനുള്ള കർമ്മ പദ്ധതികൾ

211 (1581) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണ്ണുസംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മപദ്ധതികൾ വിശദമാക്കുമോ ;

(ബി) മണ്ണിലെ പോഷകഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly